REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 26-06-2026** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ സീഷെൽസ് സന്ദർശനത്തിന് നാളെ തുടക്കം.**
- **ഇന്ന് അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം. ലഹരിക്ക് എതിരെ ഒന്നിച്ച് പോരാടണമെന്ന് മുഖ്യമന്ത്രി VD സതീശൻ.**
- **കേരളത്തെ ലഹരിവിരുദ്ധ സംസ്ഥാനമാക്കി മാറ്റുകയാണ് ഓപ്പറേഷൻ തൂഫാൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് മന്ത്രി രമേശ് ചെന്നിത്തല.**
- **സംസ്ഥാനത്തെ KEAM പ്രവേശന പരീക്ഷാ ഫലം നാളെ പ്രഖ്യാപിക്കും.**
- **ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് രാത്രി 12-30 ന് നോർവെ ഫ്രാൻസിനെയും, സെനഗൽ ഇറാഖിനെയും നേരിടും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ സീഷെൽസ് സന്ദർശനത്തിന് നാളെ തുടക്കമാകും. സീഷെൽസിന്റെ ദേശീയദിന സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പ്രധാനമന്ത്രി വിശിഷ്ടാതിഥിയായി പങ്കെടുക്കും. 2015 ലാണ് നരേന്ദ്രമോദി അവസാനമായി സീഷെൽസ് സന്ദർശിച്ചത്. രാജ്യരക്ഷാ സേനയുടെ ഒരു സംഘവും രണ്ട് ഇന്ത്യൻ നാവികസേന കപ്പലുകളും ആഘോഷങ്ങളിൽ പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം ന്യൂഡൽഹിയിൽ അറിയിച്ചു.

സന്ദർശന വേളയിൽ പ്രധാനമന്ത്രി, സീഷെൽസ് പ്രസിഡന്റ് ഡോ. പാട്രിക് ഹെർമിനിയുമായി കൂടിക്കാഴ്ച നടത്തും. സീഷെൽസിന്റെ ദേശീയ

അസംബ്ലിയെ അഭിസംബോധന ചെയ്യുന്ന നരേന്ദ്ര മോദി, ഇന്ത്യൻ പ്രവാസികളുമായും സംവദിക്കും. ഇന്ത്യയും സീഷെൽസും തമ്മിൽ നിലനിൽക്കുന്ന സൗഹൃദം വീണ്ടും ഉറപ്പിക്കാനും എല്ലാ മേഖലകളിലും ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്താനും സന്ദർശനം സഹായകമാകുമെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

രാജ്യത്തെ വ്യവസായ--വാണിജ്യ മേഖലകൾക്ക് ആശ്വാസം പകർന്ന്, ആഭ്യന്തര LPG വിതരണത്തിൽ കേന്ദ്രഗവണ്മെന്റ് ഇളവുകൾ പ്രഖ്യാപിച്ചു. പശ്ചിമേഷ്യൻ പ്രതിസന്ധിയെ തുടർന്ന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളാണ് പെട്രോളിയം മന്ത്രാലയം പിൻവലിച്ചത്. പശ്ചിമേഷ്യൻ പ്രതിസന്ധിയുടെ തുടക്കത്തിൽ നിർത്തിവച്ചിരുന്ന ഗാർഹികേതര LPG-യുടെ വിതരണം, പ്രതിസന്ധിക്ക് മുമ്പത്തെ അവസ്ഥയിലേക്ക് പൂർണമായി പുനഃസ്ഥാപിച്ചു. PNG കണക്റ്റിവിറ്റി വ്യാപിപ്പിക്കാൻ ശ്രമങ്ങളുമായി മുന്നോട്ടുപോകുമെന്നും മന്ത്രാലയം വ്യക്തമാക്കി.

✪✪✪

ഇന്ന് അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം. ലോകത്ത് ദശലക്ഷക്കണക്കിന് ജനങ്ങളെ ബാധിക്കുന്ന വിപത്താണ് ലഹരി ഉപയോഗവും, ലഹരിക്കടത്തുമെന്ന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഐക്യരാഷ്ട്രസഭ ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായി ആചരിക്കുന്നത്. “ലഹരിയെ തുടച്ചുനീക്കാം, അതിജീവനത്തിന്റെ കരുത്തോടെ” എന്നതാണ് ഈ വർഷത്തെ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണ സന്ദേശം.

✪✪✪

ലഹരിക്ക് എതിരെ ഒന്നിച്ച് പോരാടണമെന്നും, മയക്കുമരുന്ന് ലോബിയുടെയും മാഫിയയുടെയും വേരറുക്കണമെന്നും മുഖ്യമന്ത്രി VD സതീശൻ പറഞ്ഞു. ഇതിന് സംസ്ഥാന ഗവണ്മെന്റ് എല്ലാ പിന്തുണയും നൽകും. ലഹരിമരുന്ന് വ്യാപനത്തിന് പിന്നിൽ പ്രവർത്തിക്കുന്നവർക്കതിരെ കർശന നടപടി ഉണ്ടാകുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനത്തോടനുബന്ധിച്ച് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ബോധവത്കരണ റാലി ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ലഹരിയിൽ നിന്ന് സമൂഹത്തെ മോചിപ്പിക്കുമെന്നും, മയക്കുമരുന്നിന്റെ വേര് പിഴുതെറിയുന്ന സമഗ്ര പരിപാടി സംസ്ഥാന ഗവണ്മെന്റ് നടപ്പിലാക്കുമെന്നും ചടങ്ങിൽ പങ്കെടുത്ത മന്ത്രി M ലിജു പറഞ്ഞു.

✪✪✪

രാജ്യത്ത് മയക്കുമരുന്ന് കടത്തും ദുരുപയോഗവും ചെറുക്കുന്നതിന് ശ്രമങ്ങൾ അവലോകനം ചെയ്യുന്നതിന് നാർക്കോ-കോർഡിനേഷൻ സെന്ററിന്റെ പത്താമത് ഉന്നതതല യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. ആഭ്യന്തര മന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കും.

കേന്ദ്ര മന്ത്രാലയങ്ങൾ, സംസ്ഥാന ഗവണ്മെന്റുകൾ, മയക്കുമരുന്ന് നിയമ നിർവ്വഹണ ഏജൻസികൾ എന്നിവയുടെ പ്രതിനിധികൾ പങ്കെടുക്കും. ഓൺലൈൻ മയക്കുമരുന്ന് നിർമാർജന പക്ഷാചരണത്തിനും അമിത്ഷാ തുടക്കം കുറിക്കും.

✪✪✪

കുടുംബ ബന്ധങ്ങളിലെ ഊഷ്മളത കുട്ടികളുടെ ആരോഗ്യ ജീവിതത്തിന് നിർണായകമാണെന്ന് മന്ത്രി K മുരളീധരൻ പറഞ്ഞു. പൊലീസ് സേന സംഘടിപ്പിച്ച ലഹരി വിരുദ്ധ സൈക്കിൾ റാലി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദ്യാർഥികളും പൊലീസ് സേനാംഗങ്ങളും റാലിയിൽ പങ്കെടുത്തു

✪✪✪

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തോ ടനുബന്ധിച്ച് കണ്ണൂർ പൊലീസ് പരേഡ് ഗ്രൗണ്ടിൽ കൂട്ടയോട്ടം സംഘടിപ്പിച്ചു. T O മോഹനൻ MLA ഫ്ളാഗ് ഓഫ് ചെയ്തു.

കണ്ണൂർ സിറ്റി പൊലീസും തലശ്ശേരി പോലീസ് സബ് ഡിവിഷനും ചേർന്ന് "5K റൺ - സീസൺ 2" എന്ന പേരിൽ തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിൽ നിന്ന് ലഹരിവിരുദ്ധ റൺ സംഘടിപ്പിച്ചു.

ഉച്ചകഴിഞ്ഞ് ശ്രീകണ്ഠാപുരത്ത് സന്ദേശ റാലി സംഘടിപ്പിക്കും.

✪✪✪

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തിൽ 'കരുതലോടെ കരുനീക്കാം' എന്ന സന്ദേശത്തിൽ കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ കോഴിക്കോട് ബീച്ച് ഫ്രീഡം സ്ക്വയറിൽ ഭീമൻ പാമ്പും കോണിയും ഒരുക്കുന്നു. നശാ മുക്ത് ഭാരത് അഭിയാൻ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പിന്തുണയിൽ ജില്ലാ സാമൂഹ്യ നീതി വകുപ്പിന്റെ സഹകരണത്തോടെയാണ് പരിപാടി. വൈകീട്ട് ജില്ലാ കളക്ടർ M S മാധവിക്കുട്ടി പരിപാടി ഉദ്ഘാടനം ചെയ്യും.

✪✪✪

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തിൽ 'കരുതലോടെ കരുനീക്കാം' എന്ന സന്ദേശത്തിൽ കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ കോഴിക്കോട് ബീച്ച് ഫ്രീഡം സ്ക്വയറിൽ ഭീമൻ പാമ്പും കോണിയും ഒരുക്കുന്നു. നശാ മുക്ത് ഭാരത് അഭിയാൻ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പിന്തുണയിൽ ജില്ലാ സാമൂഹ്യ നീതി വകുപ്പിന്റെ സഹകരണത്തോടെയാണ് പരിപാടി. വൈകീട്ട് ജില്ലാ കളക്ടർ M S മാധവിക്കുട്ടി പരിപാടി ഉദ്ഘാടനം ചെയ്യും.

✪✪✪

കേരളത്തെ ലഹരിവിരുദ്ധ സംസ്ഥാനമാക്കി മാറ്റുകയാണ് ഓപ്പറേഷൻ തൂഫാൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. പദ്ധതിക്ക് വലിയ തോതിൽ പൊതുജന സഹായം ലഭിക്കുന്നുണ്ട്. ലഹരി മാഫിയയുടെ അടിവേര് തകർക്കുകയാണ് ലക്ഷ്യമെന്നും, ജനങ്ങളെ അണിനിരത്തി മുന്നോട്ട് പോകുമെന്നും ചെന്നിത്തല സ്വകാര്യ ചാനലിനോട് പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് കുറഞ്ഞ കാലത്തിനകം വലിയ ജനകീയ മുന്നേറ്റമായി ഓപറേഷൻ തൂഫാൻ മാറിയതായി മന്ത്രി A.P അനിൽകുമാർ പറഞ്ഞു. അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വിമുക്തി മിഷൻ കോഴിക്കോട് ഡിവിഷന്റെ നേതൃത്വത്തിൽ കോഴിക്കോട് ബീച്ച് റോഡിൽ സംഘടിപ്പിച്ച ഫൺ റൺ ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാനത്തെ പ്രധാന വൈദ്യുതി സ്രോതസ്സായ ഇടുക്കി ജലവൈദ്യുത പദ്ധതിയിലെ ജലസംഭരണം ആശങ്കാജനകമാംവിധം താഴ്ന്ന നിലയിലെത്തി. നിലവിൽ അണക്കെട്ടിന്റെ സംഭരണശേഷിയുടെ 24 ശതമാനം വെള്ളം മാത്രമാണ് ശേഷിക്കുന്നത്. വൃഷ്ടിപ്രദേശങ്ങളിൽ മഴ കുറഞ്ഞതും അണക്കെട്ടിലേക്ക് നീരൊഴുക്ക് കുറഞ്ഞതുമാണ് ജലനിരപ്പ് താഴാൻ കാരണം.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ.

..........(വോയിസ്)..............

✪✪✪

സെൻസസ് 2027 ന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താൻ സെൽഫ് എന്യൂമറേഷൻ സൗകര്യം ഇനി 5 ദിവസം കൂടി ലഭ്യമാകും. se.census.gov.in എന്ന പോർട്ടലിലെ ലിങ്കിൽ സംസ്ഥാനം

തിരഞ്ഞെടുത്ത ശേഷം കുടുംബനാഥന്റെ പേരും മൊബൈൽ നമ്പറും നൽകി രജിസ്റ്റർ ചെയ്ത് വീട് സംബന്ധിച്ച വിവരങ്ങൾ സമർപ്പിക്കാം.

✪✪✪

സംസ്ഥാനത്തെ KEAM പ്രവേശന പരീക്ഷാ ഫലം നാളെ പ്രഖ്യാപിക്കും. എറണാകുളം കളമശേരി, പത്തടിപാലം ഗവൺമെന്റ് റെസ്റ്റ് ഹൗസിൽ ഉച്ചക്ക് മന്ത്രി റോജി M.ജോൺ ഫലപ്രഖ്യാപനം നടത്തും. നേരത്തെ, ഈ മാസം 22ന് ഫലം പ്രഖ്യാപിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും,CBSE പുനർമൂല്യനിർണ്ണയത്തെ തുടർന്ന് മാർക്ക് ചേർക്കാൻ കൂടുതൽ സമയം തേടി വിദ്യാർത്ഥികളും, രക്ഷിതാക്കളും ഉന്നത വിദ്യാഭ്യാസ മന്ത്രിയെ സമീപിച്ചതിനെ തുടർന്നാണ് പ്രഖ്യാപനം മാറ്റിയത്.

✪✪✪

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് പൊതുഗതാഗത മേഖലയിലെ ഏറ്റവും ഉയർന്ന അന്താരാഷ്ട്ര അംഗീകാരങ്ങളിലൊന്നായ UITP ഇംപാക്ട് അവാർഡ് ലഭിച്ചു. മെട്രോ റെയിൽ, വാട്ടർ മെട്രോ, ഫീഡർ സർവീസുകൾ, നടപ്പാതകൾ, സൈക്കിൾ സൗകര്യങ്ങൾ തുടങ്ങി വിവിധ ഗതാഗത സംവിധാനങ്ങളെ ഏകോപിപ്പിച്ച് നൂതന മൾട്ടിമോഡൽ ഇന്റഗ്രേഷൻ പദ്ധതിക്കാണ് അവാർഡ്. ബെൽജിയത്തിലെ ബ്രസൽസിൽ നടന്ന ചടങ്ങിലാണ് പുരസ്കാരം സമ്മാനിച്ചത്.

പുരസ്കാര നേട്ടത്തിൽ സന്തോഷം പ്രകടിപ്പിച്ച KMRL മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ, ലോകോത്തര നിലവാരത്തിലെ ഗതാഗത സംവിധാനങ്ങൾ ഒരുക്കാൻ KMRL ന്റെ പ്രതിബദ്ധതയ്ക്കുള്ള അംഗീകാരമാണ് പുരസ്കാരമെന്ന് പറഞ്ഞു.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് രാത്രി 12-30 ന് നോർവെ ഫ്രാൻസിനെയും, സെനഗൽ ഇറാഖിനെയും നേരിടും.

രാവിലെ നടന്ന പാരഗ്വെ- ഓസ്ട്രേലിയ മത്സരം ഗോൾരഹിത സമനിലയിൽ പിരിഞ്ഞു.

മറ്റു മത്സരങ്ങളിൽ നെതർലാന്റ്, ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് ടുണീഷ്യയെ പരാജയപ്പെടുത്തി. ജപ്പാൻ - സ്വീഡൻ മത്സരം ഇരുടീമുകളും ഓരോ ഗോൾ നേടി സമനിലയിൽ അവസാനിച്ചു.

✪✪✪

കണ്ണൂരിൽ സംസ്ഥാന ഇന്റർ പോളിടെക്നിക്ക് കലോത്സവത്തിൽ കൊട്ടിയം ശ്രീനാരായണ പോളിടെക്നിക് 135 പോയിന്റോടെ മുന്നിട്ടുനിൽക്കുന്നു. 110 പോയിന്റ് നേടി തൃപ്രയാർ ശ്രീരാമ ഗവർമെന്റ് പോളിടെക്നിക്ക് രണ്ടാംസ്ഥാനത്തും, 99 പോയിന്റോടെ നോർത്ത് പറവൂർ കൂറ്റുകാരൻ പോളിടെക്നിക്ക് മൂന്നാം സ്ഥാനത്തും ഉണ്ട്. കലോത്സവം നാളെ സമാപിക്കും.

✪✪✪

സംസ്ഥാന ഇന്റർ ITI യൂണിയൻ കലോൽസവം കാസർഗോഡ് മടിക്കൈയിൽ ആരംഭിച്ചു. രാജ് മോഹൻ ഉണ്ണിത്താൻ MP കലോൽസവം ഉദ്ഘാടനം ചെയ്തു

രാവിലെ മുതൽ വിവിധ വേദികളിലായി നടക്കുന്ന കലോൽസവം വൈകീട്ട് സമാപിക്കും.

✪✪✪

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ന് മുഹറം ആചരിക്കുന്നു. സത്യം, നീതി, എന്നിവ ഉയർത്തിപ്പിടിക്കുന്നതിന് ജീവൻ ബലിയർപ്പിച്ച പ്രവാചകൻ മുഹമ്മദ് നബിയുടെ ചെറുമകൻ ഹസ്രത്ത് ഇമാം ഹുസൈന്റെയും കൂട്ടാളികളുടെയും രക്തസാക്ഷിത്വ ദിനമാണിത്.

ഹസ്രത്ത് ഇമാം ഹുസൈന്റെ ത്യാഗങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുസ്മരിച്ചു. സത്യത്തിനും നീതിക്കും വേണ്ടിയുള്ള പോരാട്ടത്തിൽ ഉറച്ചുനിൽക്കാൻ ഹസ്രത്ത് ഇമാം ഹുസൈൻ നിരവധി പേർക്ക് പ്രചോദനമേകുന്നുവെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പൾസ് പോളിയോ ഇമ്യൂണൈസേഷന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ഒരു ലക്ഷത്തി 89,345 കുട്ടികൾക്ക് തുള്ളിമരുന്ന് നൽകും. ഇതിന് 2,187 ബൂത്തുകൾ സജ്ജീകരിക്കും. സാധാരണ ബൂത്തുകൾക്ക് പുറമെ യാത്രാവേളയിൽ കുഞ്ഞുങ്ങൾക്ക് വാക്സിൻ നൽകാൻ 54 ട്രാൻസിറ്റ് ബൂത്തുകളും, 50 മൊബൈൽ ബൂത്തുകളും ഒരുക്കും.

പൾസ് പോളിയോ ദിനത്തിൽ ബൂത്തുകളിൽ എത്താത്ത കുഞ്ഞുങ്ങൾക്ക് 29, 30 തീയതികളിൽ വീടുകളിലെത്തി തുള്ളിമരുന്ന് നൽകും.

✪✪✪

പൾസ് പോളിയോ ഇമ്യൂണൈസേഷന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ഒരു ലക്ഷത്തി 89,345 കുട്ടികൾക്ക് തുള്ളിമരുന്ന് നൽകും. ഇതിന് 2,187 ബൂത്തുകൾ സജ്ജീകരിക്കും. സാധാരണ ബൂത്തുകൾക്ക് പുറമെ യാത്രാവേളയിൽ

കുഞ്ഞുങ്ങൾക്ക് വാക്സിൻ നൽകാൻ 54 ട്രാൻസിറ്റ് ബൂത്തുകളും, 50 മൊബൈൽ ബൂത്തുകളും ഒരുക്കും.

പൾസ് പോളിയോ ദിനത്തിൽ ബൂത്തുകളിൽ എത്താത്ത കുഞ്ഞുങ്ങൾക്ക് 29, 30 തീയതികളിൽ വീടുകളിലെത്തി തുള്ളിമരുന്ന് നൽകും.

✪✪✪

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ ഇന്നലെ രാത്രി മലപ്പുറം കൊണ്ടോട്ടി അരൂരിൽ 780 ഗ്രാം MDMA പിടികൂടി. സംഭവത്തിൽ അരൂർ സ്വദേശി രതീഷിനെ അറസ്റ്റ് ചെയ്തു. ഡാൻസാഫ് സംഘവും കൊണ്ടോട്ടി പോലീസും ചേർന്ന് നടത്തിയ പരിശോധനയിലാണ് ഇയാൾ പിടിയിലായത്.

✪✪✪

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി നടന്ന മിന്നൽ പരിശോധനയിൽ 500 പാക്കറ്റ് നിരോധിത പുകയില ഉൽപ്പന്നങ്ങളുമായി യുവാവിനെ കാസർകോട് നീലേശ്വരം പൊലീസ് അറസ്റ്റ് ചെയ്തു. നീലേശ്വരം ആനച്ചാലിലെ മുസ്താവാക്കാണ് അറസ്റ്റിലായത്.

✪✪✪

ഉണ്ണികൃഷ്ണൻ പുതൂർ സ്മാരക ട്രസ്റ്റ് & ഫൗണ്ടേഷന്റെ പുതൂർ പുരസ്കാരത്തിന് ചെറുകഥാകൃത്തും, നോവലിസ്റ്റുമായ K.P രാമനുണ്ണി അർഹനായി. ഡോ. M. ലീലാവതി, C. രാധാകൃഷ്ണൻ, ഡോ. നെടുമുടി ഹരികുമാർ എന്നിവരടങ്ങിയ സമിതിയാണ് പുരസ്കാരം നിർണ്ണയിച്ചത്.

✪✪✪

---

*News Editor പി ചന്ദ്രബാബു*
*News Reader: നിഷിത കുമാരി,*
*News Team: സബിത കെ , ശ്രീജി പൂവ്വത്തിങ്കൽ*
*DEO: ഷീബ*